പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 246

# 2020-ലെ കേരള അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 246

# 2020-ലെ കേരള അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

161/2020.

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 246

# 2020-ലെ കേരള അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ
സേവന വേതന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും
തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി
ഒരു അതോറിറ്റി രൂപീകരിക്കുന്നതിന്
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു : —

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .—(1) ഈ ആക്ടിന് 2020-ലെ കേരള സംസ്ഥാന അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി രൂപീകരണ ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ .—ഈ ആക്ടിന്റെ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം .—

(എ) 'അൺഎയ്ഡഡ് സ്കൂൾ' എന്നാൽ സർക്കാരിൽ നിന്നും യാതൊരു ധനസഹായവും പറ്റാത്ത കേന്ദ്ര-സംസ്ഥാന സിലബസുകളിൽ പ്ലസ് ടു വരെ അദ്ധ്യയനം നടത്തുന്ന സ്കൂൾ എന്നർത്ഥമാകുന്നു ;

(ബി) "അതോറിറ്റി" എന്നാൽ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി എന്നർത്ഥമാകുന്നു ;

(സി) 'മാനേജർ' എന്നാൽ അൺഎയ്ഡഡ് സ്കൂൾ മാനേജർ എന്നർത്ഥമാകുന്നു ;

(ഡി) 'ചെയർമാൻ' എന്നാൽ അതോറിറ്റിയുടെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(ഇ) 'സേവന വേതന വ്യവസ്ഥകൾ' എന്നാൽ സർക്കാരോ കോടതിയോ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുന്ന ശമ്പളവും സേവന വ്യവസ്ഥകളും എന്നർത്ഥമാകുന്നു ;

(എഫ്) 'രജിസ്റ്റേർഡ് സ്കൂൾ ' എന്നാൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത സ്കൂൾ എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റിയുടെ രൂപീകരണം</u> .—

(എ) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിന്റെ കീഴിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്;

(ബി) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. <u>അതോറിറ്റി രൂപീകരണവും ഘടനയും</u> .—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി ഭരണനിർവ്വഹണത്തിനും അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും, തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്;

(2) അതോറിറ്റിയിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും ഒരാളെ അതോറിറ്റിയുടെ ചെയർമാൻ ആയി നിയമിക്കാവുന്നതുമാണ്;

(3) ബോർഡ് ചെയർമാന്റെയും അംഗങ്ങളുടേയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്;

(4) ചെയർമാനായി ഒരു റിട്ട. ജഡ്ജിയെയോ/മുതിർന്ന ഒരു IAS ഉദ്യോഗസ്ഥനയോ നിയമിക്കാവുന്നതാണ്;

(5) അൺഎയ്ഡഡ് അദ്ധ്യാപകരുടെ അംഗീകൃത സംഘടനകളുടെ പ്രതിനിധികളെ അംഗങ്ങളായി തിരഞ്ഞെടുക്കേണ്ടതാണ്;

(6) അൺഎയ്ഡഡ് സ്കൂൾ മാനേജരുടെ പ്രതിനിധിയേയും അതോറിറ്റിയിൽ അംഗമായി തിരഞ്ഞെടുക്കേണ്ടതാണ്;

(7) വിദ്യാഭ്യാസ വിചക്ഷണന്മാരെ അതോറിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്;

(8) ലേബർ, നിയമം, വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിമാരെ അതോറിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടെയും നിയമനം .—(1) ഈ ആക്ട് പ്രകാരം സർക്കാരിന് അതോറിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുവാൻ ഉദ്യോഗസ്ഥരേയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്;

(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ .—അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി നിയമിക്കാവുന്നതാണ്.

6. അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.— അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. അതായത് .—

(1) അൺഎയ്ഡഡ് അദ്ധ്യാപകരുടെ ശമ്പളം സ്കൂളിലെ വിദ്യാർത്ഥി സ്റ്റ്രെംഗ്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുക ;

(2) അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പള ലഭ്യതയും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തുക ;

(3) എല്ലാ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും യോഗ്യതയും സ്കൂളിന്റെ അംഗീകാരവും പരിശോധിച്ച് ഉറപ്പുവരുത്തുക ;

(4) യുക്തമായ തുക രജിസ്ട്രേഷൻ ഫീസ് ഈടാക്കി ഓരോ അൺഎയ്ഡഡ് സ്കൂളിന്റെയും രജിസ്ട്രേഷൻ നടത്തുക ;

(5) വർഷാവർഷം രജിസ്ട്രേഷൻ പുതുക്കുന്നത് ഉറപ്പുവരുത്തുക ;

(6) കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിൽ അൺഎയ്ഡഡ് അദ്ധ്യാപകർക്ക് ശമ്പളം ഉറപ്പു വരുത്തുക ;

(7) മാനേജ്മെന്റും അദ്ധ്യാപകരും തമ്മിലുള്ള തൊഴിൽ തർക്കങ്ങൾ നിയമപരമായി പരിഹരിക്കുക ;

(8) അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക ;

(9) സ്കൂളുകളെ കുട്ടികളുടെ എണ്ണത്തിനനുസൃതമായി ക്ലാസിഫൈ ചെയ്യുക .

7. തിരിച്ചറിയൽ കാർഡ് .—അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് അതോറിറ്റിയുടെ ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുക.

8. കണക്കുകളും ഓഡിറ്റും .— അതോറിറ്റി ശരിയായി കണക്കുകളും മറ്റു രേഖകളും സൂക്ഷിച്ചു പോരേണ്ടതും വർഷം തോറും ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് സർക്കാർ മുഖേന നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതുമാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.— സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഏകദേശം ഒന്നര ലക്ഷത്തോളം അൺഎയ്ഡഡ് അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇവർ തുച്ഛമായ വേതനം വാങ്ങിയാണ് ജോലി ചെയ്യുന്നത്. ഇവർക്ക് തൊഴിൽ സുരക്ഷിതത്വം ഇല്ല. ഈ അദ്ധ്യാപകരെ മാനേജ്മെന്റ് ചൂഷണം ചെയ്യുകയാണ്. തൊഴിൽ ചൂഷണത്തിന് വിധേയരാകുന്ന ഇത്തരം അദ്ധ്യാപകരുടെ സേവന വേതന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

അൺഎയ്ഡഡ് സ്കൂളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് പിരിക്കുന്നതിനാൽ അധിക സാമ്പത്തിക ബാദ്ധ്യതകളുണ്ടാകുകയില്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 9-ാം ഖണ്ഡിക പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ മുമ്പാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ റദ്ദാക്കാനോ ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടി ക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ ഏൽപ്പിച്ച് കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

വി. പി. സജീന്ദ്രൻ, എം.എൽ.എ.